# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 231 — 15/7/2016 -ൽ മറുപടിക്ക്

## ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. എ.പി.അനിൽകുമാർ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | ശ്രീ. മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ത്വരിത ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി പൂർത്തിയാക്കുന്നതിന് ആസൂത്രണം ചെയ്ത കർമ്മ പദ്ധതികളെന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) ജലവിഭവ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരെ പങ്കെടുപ്പിച്ചു കൊണ്ട് പദ്ധതി അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി വിവിധ തലങ്ങളിൽ റെയിൽവേ, പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നീ വകുപ്പുകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അവലോകനങ്ങൾ നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും അത് നടപ്പിലാക്കുന്നത് മോണിറ്റർ ചെയ്യുകയും ചെയ്യുന്നുണ്ട്.<br>നേട്ടങ്ങളും പ്രവർത്തനമികവും കൈവരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കി കഴിഞ്ഞു. ഇതുകൂടാതെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം വഴി ഹെഡ് ഓഫീസ് തലത്തിൽ മോണിറ്ററിംഗ് ചെയ്തുവരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) ജനങ്ങൾക്ക് സുരക്ഷിതമായ കുടിവെള്ളമെത്തിക്കാൻ ആവിഷ്കരിച്ച പദ്ധതിയാണ് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം 67% കവറേജിനും 15% ഒ&എം-നും 10% സസ്റ്റൈനബിലിറ്റിക്കും 5% സപ്പോർട്ട് |

ആക്ടിവിറ്റീസിനും 3% വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് ആന്റ് സർവീലിയൻസിനു മായിട്ടാണ് തുക അനുവദിക്കുന്നത്.

ഗ്രാമീണ മേഖലയിലെ ജനങ്ങളിൽ ഒരാൾക്ക് പ്രതിദിനം 70 ലിറ്റർ കുടിവെള്ളം ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. വെള്ളത്തിന്റെ ഗുണ നിലവാരം കുറഞ്ഞ സ്ഥലങ്ങളിൽ പദ്ധതി കൾക്ക് മുൻഗണന നൽകാറുണ്ട്. സസ്റ്റൈന ബിലിറ്റി വിഭാഗത്തിൽ മഴവെള്ള സംഭര ണികൾ, തടയണകളുടെ നിർമ്മാണം, ഇൻടേക്ക് വെല്ലുകളുടെ പുനരുദ്ധാരണം, കിണറുകളുടെ റീചാർജ്ജ് എന്നീ പദ്ധതികൾ ഏറ്റെടുത്ത് കുടിവെള്ള പദ്ധതികളിൽ ജലത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുവാൻ സാധിക്കുന്നുണ്ട്. കൂടാതെ ഗ്രാമീണ മേഖലകളിലെ സ്കൂളുകളിൽ കുടിവെള്ള വിതരണ പദ്ധതിയും ഉൾപ്പെടു ത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ നിന്നും എസ്.സി/എസ്.റ്റി കോളനികളിലേക്ക് ഡിസ്ട്രിക്റ്റ് കളക്ടർ വഴി നടപ്പിലാക്കുന്ന ജലവിതരണ പദ്ധതിയ്ക്കായും ഫണ്ട് അനുവദിച്ചിട്ടുണ്ട്.

2009 മുതൽ ഈ പദ്ധതി "നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം" എന്ന പേരിലാണറിയപ്പെടുന്നത്.

| | |
|---|---|
| (സി) പദ്ധതി പ്രവർത്തനങ്ങളുടെ മികവ് പരിശോധിച്ച് കേന്ദ്രത്തിൽ നിന്നും അധികമായി തുക ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാ മെന്ന് വ്യക്തമാക്കമോ? | (സി) പദ്ധതിക്കായി അനുവദിച്ച തുക ചെലവഴിച്ച മികവ് അനുസരിച്ച് കേന്ദ്രത്തിൽ നിന്നും 75 കോടി രൂപ അഡീഷണൽ ഫണ്ടായും 24.70 കോടി രൂപ ഇൻസെന്റീവ് ഫണ്ടായും (ആകെ 99.70 കോടി രൂപ) 2012-13-ലും 67.31 കോടി രൂപ അഡീഷണൽ ഫണ്ടായും 2.69 കോടി രൂപ ഇൻസെന്റീവ് ഫണ്ടായും (ആകെ 70 കോടി രൂപ) 2014-ലും കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

JSK/